(ബി) കേന്ദ്രത്തിൽ നിന്നും ഇത് സംബന്ധിച്ച് വിശദീകരണം എന്തെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത മൂന്ന് വിനോദസഞ്ചാരകേന്ദ്രങ്ങളേയും ബന്ധപ്പെടുത്തി എന്തൊക്കെ വികസന പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാട് ബീച്ച്, ധർമ്മടം തുരുത്ത്, മീൻകുന്ന് ബീച്ച് എന്നിവയുടെ വികസനത്തിനായി 2004-05-ൽ കേന്ദ്രസഹായത്തിനായി പദ്ധതി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ അതിന് അനുവാദം ലഭിച്ചില്ല. ഈ സാമ്പത്തികവർഷം ബീച്ച് സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി മീൻകുന്ന് ബീച്ചിനേറയും, മുഴുപ്പിലങ്ങാട് ബീച്ചിനേറയും സമഗ്രവികസനത്തിനായി പദ്ധതി കേന്ദ്ര ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് താത്വികമായ അംഗീകാരം ലഭിക്കുകയും അതനുസരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയും ചെയ്യുന്നു.

(ബി) ഇല്ല.

(സി) മുഴുപ്പിലങ്ങാട് ബീച്ച് വികസനത്തിലുൾപ്പെടുത്തി പ്രധാനമായും താഴെപ്പറയുന്ന കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്:

ബീച്ച് ഏരിയ വികസനവും നടപ്പാത നിർമ്മാണവും.

പാർക്കിംഗ് ഏരിയാ, വിശ്രമകേന്ദ്രങ്ങൾ, കഫറേറിയ പവിലിയൻ, ഗാലറി, സ്ഥലനാമ ബോർഡുകൾ, ലാൻറ്സ്കേപ്പിംഗ് എന്നിവ.

മീൻകുന്ന് ബീച്ച് വികസനവുമായി ബന്ധപ്പെട്ട് പ്രധാനമായും ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ താഴെപ്പറയുന്നു:

ബീച്ച് ഏരിയാ വികസനം, നടപ്പാത നിർമ്മാണം, ഗേറ്റ് സ്ഥാപിക്കൽ, ടോയ്ലറ്റ് ബ്ലോക്ക്, കഫറേറിയ നിർമ്മാണം എന്നിവയാണ്.

മലബാർ ദേവസ്വം ബോർഡ് രൂപീകരണം

99 [2088] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് രൂപീകരണത്തിനുവേണ്ടി സർക്കാർ എന്തെങ്കിലും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മിറ്റി നാളിതുവരെ എത്ര തവണ യോഗം ചേർന്നിട്ടുണ്ട്;

(സി) മലബാർ ദേവസ്വം ബോർഡ് രൂപീകരണത്തിൽ സർക്കാർ നയം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) മലബാർ ദേവസ്വം ബോർഡിൻെറ കീഴിൽ വരുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച് സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) തിരുവിതാംകൂർ ദേവസ്വം ബോർഡ് മാതൃകയിൽ ബോർഡ് രൂപീകരിക്കാനും അവിടുത്തെ ജീവനക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ നൽകാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ ഇവ എന്നത്തേക്ക് നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതു സംബന്ധിച്ച് നിയമസഭയിൽ ബിൽ അവതരിപ്പിക്കുകയും ബിൽ, ഇതു സംബന്ധിച്ച് രൂപീകരിക്കപ്പെട്ട വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്ക് വിടുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സമിതി കാസർഗോഡ്, കോഴിക്കോട് എന്നീ 2 ജില്ലകളിൽ യോഗം ചേർന്ന് തെളിവെടുപ്പ് നടത്തുകയുണ്ടായിട്ടുണ്ട്.

(സി) മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കണമെന്നതാണ് സർക്കാരിന്റെ നയം.

(ഡി) മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കപ്പെട്ടിട്ടില്ല. ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിൻ കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ശമ്പളം 1-1-1995 മുതൽ പരിഷ്ക്കരിച്ച് ഉത്തരവായിരുന്നു. തുടർന്ന് 1-7-2003 മുതൽ വീണ്ടും പരിഷ്ക്കരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(ഇ, എഫ്) നിയമസഭാ വിഷയനിർണ്ണയ സമിതിയുടെ ശുപാർശ ലഭിച്ചശേഷം ഇക്കാര്യത്തിൽ യുക്തമായ തീരുമാനം എടുക്കുന്നതാണ്.

കോവളത്തിന്റെ വികസനത്തിനായി പദ്ധതികൾ

100 [2089] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം നവീകരണത്തിന് ഈ സാമ്പത്തിക വർഷം എത്ര കോടി രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

കോവളം ടൂറിസം കേന്ദ്രത്തിന്റെ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

1. കോവളം മേഖലയിലെ കുടിവെള്ള പദ്ധതി:

കോവളം മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള ഒരു ബൃഹത്തായ പദ്ധതി തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിവരുന്നു. ആയതിന്റെ ചെലവ് അന്തിമമായി തീരുമാനിച്ചിട്ടില്ല.

2. റോഡുകളുടെ നവീകരണം—
33,80,000 രൂപ.

3. ആർട്ട് & ക്രാഫ്ട് വില്ലേജ്—
7,20,00,000 രൂപ.

4. സമുദ്ര ബീച്ച് പാർക്ക്—
66,00,000 രൂപ.

LIBRARY ARCHIVES Kerala Legislative Assembly